പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 229

# 2024-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 229

**2024-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ**

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1328/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 229

# 2024-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ (2007-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) (ഡി) ഖണ്ഡത്തിൽ "എരുമയെയോ" എന്ന വാക്കിനുശേഷം "ആടിനെയോ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (ഇ) ഖണ്ഡത്തിൽ (i)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(i)(എ) ക്ഷീരകർഷകൻ ദത്തെടുത്ത കുട്ടികൾ, വിധവകളോ വിവാഹ മോചിതരോ ആയ പെൺമക്കൾ, മരണപ്പെട്ട മകന്റെ വിധവ;".

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ,—

(എ) ഇനം (iii) ൽ,—

(i) "സർക്കാരോ" എന്ന വാക്കിനുശേഷം "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "സ്ഥാപനങ്ങളോ" എന്ന വാക്കിനുശേഷം "സംഘടനകളോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) ഇനം (vi) നുശേഷം (vii), (viii) ഇനങ്ങളായി ഇനിപ്പറയുന്നവ ചേർക്കുകയും നിലവിലുള്ള (vii)-ാം ഇനം, (ix)-ാം ഇനമായി പുനരക്കം ചെയ്യുകയും ചെയ്യുക, അതായത്:—

"(vii) 2013-ലെ കമ്പനി നിയമപ്രകാരമുള്ള (2013-ലെ കേന്ദ്ര ആക്റ്റ് 18) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നുള്ള വരവ്;

(viii) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേന്ദ്ര/സംസ്ഥാന നിയമപ്രകാരമോ ഉത്തരവ് പ്രകാരമോ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി അനുവദിക്കുന്ന തുക;".

(ii) (4)-ാം ഉപവകുപ്പിൽ,—

(i) (ബി) ഇനത്തിൽ,—

(എ) "സംഘത്തിൽ പാൽ അളക്കുകയും" എന്ന വാക്കുകൾക്കു ശേഷം "അംശദായം അടയ്ക്കുകയും" എന്ന വാക്കുകൾ ചേർക്കുക;

(ബി) "ചെയ്തയാൾക്ക്" എന്ന വാക്കിനുപകരം "മറ്റൊരു ക്ഷേമ നിധിയിലും അംഗമാവുകയോ അതിലെ പെൻഷനാനുകൂല്യം ലഭിക്കുകയോ ചെയ്യാത്തതുമായ ആൾക്ക്" എന്ന വാക്കുകൾ ചേർക്കുക;

(സി) ക്ലിപ്ത നിബന്ധനയിൽ, "ചെയ്തുവരുന്ന" എന്ന വാക്കിന് പകരം "മറ്റൊരു ക്ഷേമനിധിയിൽ നിന്നും പെൻഷനാനുകൂല്യം ലഭിക്കാത്തതുമായ" എന്ന വാക്കുകൾ ചേർക്കുക.

(ii) (ഡി) ഇനത്തിനുശേഷം ഇനിപ്പറയുന്ന ഇനങ്ങൾ പുതുതായി ചേർക്കുകയും നിലവിലുള്ള (ഇ) ഇനം, (ജി) ഇനമായി പുനരക്കം ചെയ്യുകയും ചെയ്യുക, അതായത്:—

"(ഇ) നിധിയിലേയ്ക്ക് അംശദായം അടയ്ക്കുന്നതിനോ സംഘത്തിൽ പാൽ അളക്കുന്നതിനോ അഞ്ച് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തവർക്ക് നിർണ്ണയിക്കാവുന്ന നിരക്കിലുള്ള തുക നൽകുന്നതിന്;

(എഫ്) വന്യജീവികളുടെ ആക്രമണംമൂലമോ ഏതെങ്കിലും വിഷബാധ മൂലമോ ക്ഷീരകർഷകന്റെ കന്നുകാലികൾക്ക് ജീവഹാനി സംഭവിക്കുകയോ സ്ഥായിയായോ അല്ലാത്തതോ ആയ പരിക്കോ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക് നിർണ്ണയിക്കാവുന്ന നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിന്;".

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ ''വയസ്സ് പൂർത്തിയായ'' എന്ന വാക്കുകൾക്കുപകരം ''വയസ്സ് പൂർത്തിയായതും മറ്റൊരു ക്ഷേമനിധിയിലും അംഗമല്ലാത്തതുമായ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2007-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി ആക്റ്റിൽ 2(ഡി) വകുപ്പിൽ പശുവിനെയോ എരുമയെയോ വളർത്തുന്നവരെ മാത്രമാണ് ക്ഷീരകർഷകരായി ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം 2021-22-ൽ ആടുകളിൽ നിന്നും 1.23 മെട്രിക് ടൺ പാൽ ഉൽപ്പാദിപ്പിച്ചതായി കണക്കാക്കുന്നു. കേന്ദ്ര സർക്കാരിന്റെ 2018-ൽ നടത്തിയ 20-ാമത് ലൈവ് സ്റ്റോക്ക് സെൻസസ് പ്രകാരം സംസ്ഥാനത്ത് പാൽ നൽകുന്ന ആടുകളുടെ എണ്ണം 11,05,257 എന്ന് കണക്കാക്കുന്നു. സംസ്ഥാനത്തിന്റെ ആകെ പാലുൽപ്പാദനത്തിൽ 5 ശതമാനം താഴെയാണ് ആടുകളിൽ നിന്നുള്ള പാലുൽപ്പാദനം. എന്നാൽ ചെറുകിട നാമമാത്ര കർഷകർ അവരുടെ പ്രധാന ജീവനോപാധിയായി ആടുവളർത്തലിലൂടെയുള്ള പാലുല്പാദനം സ്വീകരിച്ചിരിക്കുന്ന വസ്തുത കണക്കിലെടുത്ത് ക്ഷീരകർഷകർക്കായുള്ള ക്ഷേമനിധിയിൽ അവർക്ക് കൂടി അംഗത്വം ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. അതു മൂലം ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആശ്വാസവും ഊർജ്ജവും പകരുന്നതും കൂടുതൽ തൊഴിൽ സാദ്ധ്യതയും വരുമാനവും വിശേഷിച്ചും വനിതകൾക്ക് ആ രംഗത്ത് ലഭ്യമാകുന്നതിനിടയാകുന്നതുമാണ്.

(2) ആക്റ്റിലെ 2-ാം ഖണ്ഡം (ബി) ഇനം ക്ഷീരകർഷകന്റെ 'കുടുംബം' എന്ന നിർവ്വചനം വിപുലമാക്കുന്നത് ഉദ്ദേശിച്ചുള്ളതാണ്. കുടുംബ പെൻഷൻ പോലുള്ള ആനുകൂല്യങ്ങൾ അതുപ്രകാരമുള്ളവർക്കുകൂടി തൻനിമിത്തം ലഭിക്കുന്നതിന് ഇടയാകുന്നതാണ്.

(3) ആക്റ്റിലെ 3-ാം വകുപ്പിനുള്ള ഭേദഗതി നിധിയിൽ ഉൾപ്പെടുത്തേണ്ട വരവുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നുമുള്ളവ കൂടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ, സി.എസ്.ആർ. ഫണ്ടുകളിൽ നിന്നും ഒരു ഭാഗം ക്ഷീരകർഷക ക്ഷേമനിധിയിൽ ലഭിക്കുന്നത് ക്ഷേമനിധിയുടെ ഉപയോഗവും ബോർഡിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കുവാനിടയാകുന്നതാണ്.

(4) കാലാവസ്ഥാ വ്യതിയാനം പാലുല്പാദന മേഖലയ്ക്ക് ഉണ്ടാക്കുന്ന പ്രത്യാഘാതം ചെറുതല്ല. മാറിയ മഴയ്ക്കും വേനലിനും അനുസൃതമായി മൃഗ സംരക്ഷണവും പരിഷ്കരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നോ ഏജൻസികളിൽ നിന്നോ ക്ഷീരകർഷകർക്കുള്ള സഹായധനം കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകുന്നതാണ്.

(5) ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ (ബി) ഇനത്തിൽ അഞ്ചുവർഷം അംശദായം അടയ്ക്കുക എന്ന നിബന്ധനകൂടി ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാണ്. (ഇ), (എഫ്) എന്ന് പുതുതായി ചേർക്കുവാനുദ്ദേശിച്ചിട്ടുള്ള ഇനങ്ങൾ യഥാക്രമം പെൻഷനാനുകൂല്യം ലഭിക്കുന്നതിന് നിബന്ധന പ്രകാരമുള്ള കാലയളവിൽ അംശദായം ഒടുക്കിയിട്ടില്ലാത്തവർക്ക് തദനുസൃതമായ തുക കണക്കാക്കി നൽകുന്നതിനും വന്യജീവികളുടെ ആക്രമണത്താലോ പാമ്പ് മുതലായവയുടെ വിഷബാധ മൂലമോ വളർത്തുമൃഗത്തിന്റെ ജീവൻ നഷ്ടപ്പെടുകയോ സ്ഥായിയായോ അല്ലാതെയോ ഉണ്ടാകുന്ന പരിക്കുമൂലം കഷ്ടനഷ്ടം നേരിട്ടതിന് നഷ്ടപരിഹാരം നൽകുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(6) ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ (ബി) ഇനത്തിലും 4-ാം വകുപ്പിലും ഭേദഗതി ആവശ്യമായി വരുന്നത് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 13244/2021 എന്ന റിട്ട് പെറ്റീഷന്മേൽ ഉണ്ടായ വിധിയുടെ അടിസ്ഥാനത്തിലാണ്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ നിധിയിലും കേരള ക്ഷീരകർഷകത്തൊഴിലാളി ക്ഷേമനിധിയിലും അംഗമാകുകയും നിയമപ്രകാരമുള്ള അംശദായം ഒടുക്കുകയും ചെയ്തയാൾക്ക് ബന്ധപ്പെട്ട ആക്റ്റിലെ വ്യവസ്ഥ പ്രകാരമുള്ള പെൻഷൻ ആനുകൂല്യം ഒരേസമയം ഇരുക്ഷേമ നിധിയിൽ നിന്നും ലഭിക്കുന്നത് സർക്കാർ തടഞ്ഞതിന്മേൽ കോടതി പുനഃസ്ഥാപിക്കുകയുണ്ടായി. 06-11-2017-ലെ സ.ഉ. (എം.എസ്.)നം.483/2017/ധന. എന്ന സർക്കാർ ഉത്തരവിൽ ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും "Neither the Kerala Toddy Workers' Welfare Fund Act nor the Kerala Dairy Farmers' Welfare Fund Act provides for any prohibition of membership in two welfare funds or in receiving benefits under two welfare fund schemes under two different Acts" എന്ന് കണ്ടെത്തുകയും മേൽപ്രസ്താവിച്ച സർക്കാർ ഉത്തരവ് "is an executive fiat and not a legislation" എന്ന് പ്രസ്താവിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ വിധിയുടെ പശ്ചാത്തലത്തിലാണ് അനിവാര്യമായ ഈ ഭേദഗതി.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡം (ii)-ാം ഇനം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള (ഇ) ഇനം പെൻഷൻ ആനുകൂല്യത്തിനുള്ള നിശ്ചിത കാലാവധി പൂർത്തിയാകാത്ത ക്ഷീരകർഷകർക്ക് ഒടുക്കിയ അംശദായത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ ആനുകൂല്യം ക്ഷേമ

നിധിയിൽ നിന്നും നൽകുന്നതിനുള്ള തുക നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡത്തിൽ (ii)-ാം ഉപഖണ്ഡം (ii)-ാം ഇനം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള (എഫ്) എന്ന പുതിയ ഇനത്തിൽ വന്യജീവി ആക്രമണംമൂലമോ വിഷബാധമൂലമോ വളർത്തു മൃഗത്തിന് ജീവഹാനി സംഭവിക്കുകയോ സ്ഥായിയായോ അല്ലാത്തതോ ആയ പരിക്ക് ഏൽക്കുകയോ ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക് ക്ഷേമനിധിയിൽ നിന്നും അനുവദിക്കേണ്ട തുക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയവയും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവ ത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.

## 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

xx xx xx xx xx

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

xx xx xx xx xx

(ഡി) 'ക്ഷീര കർഷകൻ' എന്നാൽ സ്വന്തമായി ഒന്നോ അതിലധികമോ പശുവിനേയോ എരുമയെയോ വളർത്തുകയും, കേരള സംസ്ഥാനത്ത് തന്റെ വാസസ്ഥലത്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘത്തിലോ അഥവാ അങ്ങനെയുള്ള സ്ഥലത്ത് ക്ഷീര സഹകരണ സംഘം പ്രവർത്തിക്കുന്നില്ല എന്ന കാരണത്താൽ തൊട്ടടുത്ത ഏതെങ്കിലും ഒരു ക്ഷീര സംഘത്തിലോ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു.

(ഇ) 'കുടുംബം' എന്നാൽ,—

(i) ക്ഷീര കർഷകന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവരുടെ പ്രായ പൂർത്തിയാകാത്തതോ മാനസിക വളർച്ച പ്രാപിക്കാത്തതോ ശാരീരിക വൈകല്യമുള്ളതോ ആയ മക്കൾ, അവിവാഹിതയായ പെൺമക്കൾ;

xx xx xx xx xx

3. ക്ഷീര കർഷക ക്ഷേമനിധി പദ്ധതി.—(1) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസറ്റ് വിജ്ഞാപനംമൂലം "കേരള ക്ഷീര കർഷക ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിക്കേണ്ടതും കഴിയുന്നത്ര വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെ പറയുന്നവ വരവുവയ്ക്കേണ്ടതാണ്,—

(i) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായം;

(ii) റിസർവ്വ് ഫണ്ട് പലിശയിൽനിന്നുള്ള വരവ്;

(iii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ;

xx xx xx xx xx

(vi) പദ്ധതിപ്രകാരം ചുമത്തുന്ന ഫീസോ പിഴയോ;

(vii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുക;

xx xx xx xx xx

(4) നിധി താഴെ ചേർത്തിരിക്കും പ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്.—

xx xx xx xx xx

(ബി) ക്ഷേമനിധിയിൽ അംഗമായി അഞ്ചുവർഷം സംഘത്തിൽ പാൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്തയാൾക്ക് പെൻഷൻ നൽകുന്നതിന് :

എന്നാൽ, സംഘത്തിൽ അംഗമല്ല എങ്കിലും തുടർച്ചയായി പാൽ അളക്കുകയും അംശദായം അടയ്ക്കുകയും ചെയ്തുവരുന്ന കർഷകനും പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ് ;

xx xx xx xx xx

(ഡി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഇ) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന്.

xx xx xx xx xx

4. നിധിയിലെ അംഗത്വം.—(1) പതിനെട്ട് വയസ്സുപൂർത്തിയായ ഏതൊരു ക്ഷീരകർഷകനും ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥ പ്രകാരം നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം: ഏതെങ്കിലും ഒരംഗം ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുന്ന സംഗതിയിൽ ആ അംഗത്തിന്റെ അനന്തരാവകാശിയായ ഒരാൾ തുടർന്നും പാൽ അളക്കുന്ന സംഗതിയിൽ അംഗമായി തുടരുന്നതായി കണക്കാക്കേണ്ടതാണ്.

xx xx xx xx xx